"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന കിടപ്പ് രോഗിയായ ശ്രീ.സന്തോഷ്, പൊക്കൽവിളാകത്തിന് വീട് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.738/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളു ടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി മുമ്പാകെ ശ്രീ.സന്തോഷ്, പൊക്കൽവിളാകം, അഞ്ചുതെങ്ങിന്റെ 24.11.2023 ലെ അപേക്ഷ
2. നിയമസഭ സെക്രട്ടറിയുടെ 02.12.2024 ലെ 19575/FWC3/2023/ലെജി.നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026 ലെ 4.20-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ശ്രീ.സന്തോഷ്, പൊക്കൻവിളാകം, മാമ്പള്ളി, അഞ്ചുതെങ്ങ് പക്ഷാഘാതം പിടിപെട്ട് അഞ്ച് വർഷമായി കിടപ്പിലാണ്. സ്വന്തമായി വീടില്ലാത്തതിനാൽ ഭാര്യയും മൂന്ന് മക്കളും അടങ്ങുന്ന കുടുംബം ബന്ധുവീട്ടിലാണ് താമസിക്കുന്നത്. പുനർഗേഹം പദ്ധതിയുടെ DLAC ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും തീരദേശ പ്രദേശത്ത് ഭൂമിയോ ഭവനമോ ഇല്ലാത്തതിനാൽ പുനർഗേഹം പദ്ധതിയിലും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ലൈഫ് പദ്ധതിയിലും വീട് അനുവദിക്കാൻ കഴിയുന്നില്ല. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി മുമ്പാകെ വീട് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ശ്രീ.സന്തോഷ് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന് പ്രത്യേക പരിഗണന നൽകി വീട് അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന നിയമസഭാ സമിതിയുടെ ശുപാർശ പരാമർശം (2) പ്രകാരം നിയമസഭാ സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്.

2. 23.02.2026 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. പക്ഷാഘാതം പിടിപെട്ട് അഞ്ച് വർഷമായി കിടപ്പിലായ ശ്രീ.സന്തോഷും കുടുംബവും ബന്ധുവീട്ടിലാണ് താമസിക്കുന്നത് എന്നത് പരിഗണിച്ചും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, ഈ കുടുംബത്തിന് സ്ഥലമില്ലെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ ശ്രീ.സന്തോഷ്, പൊക്കൻവിളാകം, മാമ്പള്ളി, അഞ്ചുതെങ്ങ് നെ ലൈഫ് ഗുണഭോക്തൃപട്ടികയിൽ ഉൾപെടുത്തി വീട് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ശ്രീ. സന്തോഷ് പൊക്കൻവിളാകം , അഞ്ചുതെങ്ങ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 13-03-2026 16:51:53
സെക്ഷൻ ഓഫീസർ